ഭരണഭാഷ മാതൃഭാഷ

നം. എച്ച് 2 /9448/13

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം
തിരുവനന്തപുരം, തീയതി 05.06.13

പൊതുവിദ്യാഭ്യാസ ഡയറക്ടർ

എല്ലാ ജില്ലാ/ഉപജില്ലാ വിദ്യാഭ്യാസ ആഫീസർമാർക്കും

സർ/മാഡം,

വിഷയം : പൊ.വി.എയ്ഡഡ് പ്രൈമറി/ഹൈസ്കൂൾ ഹെഡ്മാസ്റ്റർമാരെ ഡിഡിഒ മാരാക്കുന്നത് സംബന്ധിച്ച്

സൂചന :1. ഗവൺമെന്റിന്റെ 16.01.13 ലെ ജി.ഒ (പി) നമ്പർ 30/13/ഫിൻ.

2. ഈ ഡയറക്ടറേറ്റിലെ 16.05.13 ലെ ഇതേ നം. കത്ത്

സൂചിത ഉത്തരവുപ്രകാരം എയ്ഡഡ് പ്രൈമറി/ഹൈസ്കൂൾ ഹെഡ്മാസ്റ്റർമാരെ ഡി.ഡി.ഒമാരാക്കുന്നതുമായി ബന്ധപ്പെട്ട് ജില്ലാ വിദ്യാഭ്യാസ ആഫീസിലെ പേഴ്സണൽ അസിസ്റ്റന്റുമാരോടും ഉപജില്ലാ വിദ്യാഭ്യാസ ആഫീസിലെ സീനിയർ സൂപ്രണ്ടുമാരോടും ഡിജിറ്റൽ സിഗ്നേച്ചറിന് എൻ.ഐ.സിയിൽ അപേക്ഷിക്കുന്നതിനായി നിർദ്ദേശം നൽകിയിരുന്നു. ജൂണിലെ ശമ്പളബില്ല് ഡിജിറ്റൽ സിഗ്നേച്ചർ പ്രകാരം പാസ്സാക്കുന്നതിനുവേണ്ട പരിശീലനം എല്ലാ പേഴ്സണൽ അസിസ്റ്റന്റുമാർക്കും സീനിയർ സൂപ്രണ്ടുമാർക്കും 18.06.2013 ന് തിരുവനന്തപുരം അദ്ധ്യാപക ഭവനിൽ വച്ച് സ്പാർക്ക്/എൻ.ഐ.സി എന്നീ ഡിപ്പാർട്ടുമെന്റുകൾ നൽകുന്നതാണ്. പ്രസ്തുത പരിശീലന സമയവിവരപട്ടിക ചുവടെ ചേർക്കുന്നു.

| | |
|---|---|
| കൊല്ലം, തിരുവനന്തപുരം, ആലപ്പുഴ, പത്തനംതിട്ട<br>എറണാകുളം, കോട്ടയം, ഇടുക്കി | 18.06.2013<br>രാവിലെ 10.30 മുതൽ 12.30 വരെ |
| തൃശ്ശൂർ, കോഴിക്കോട്, കണ്ണൂർ, പാലക്കാട്<br>മലപ്പുറം, വയനാട്, കാസർഗോഡ് | 18.06.2013<br>വൈകുന്നേരം 02.30 മുതൽ 04.30 വരെ |

പരിശീലനത്തിൽ പേഴ്സണൽ അസിസ്റ്റന്റുമാരും സീനിയർ സൂപ്രണ്ടുമാരും നിർബന്ധമായും പങ്കെടുക്കേണ്ടതാണ്.

വിശ്വസ്തതയോടെ,

പൊതുവിദ്യാഭ്യാസ ഡയറക്ടർക്കുവേണ്ടി

Additional Director of Public Instruction (General),
Directorate of Public Instruction,
Thiruvananthapuram.

പകർപ്പ് : എല്ലാ വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർമാർക്കും

MLS 06.06.13